'ഭരണഭാഷ-
മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കോർപ്പറേഷൻ സെക്രട്ടറിയായി വിരമിച്ച ശ്രീ. സുദർശനൻ എസ്-ന്റെ ആർജ്ജിതാവധി സറണ്ടർ - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.2490/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/11/2019

---

പരാമർശം:- 1 ശ്രീമതി.എം.പി. ലീന സമർപ്പിച്ച 26.04.2018 തീയതിയിലെ അപേക്ഷ.

2 നഗരകാര്യ ഡയറക്ടറുടെ 29.09.2018, 10.07.2019 തീയതികളിലെ ഇ2-11790/15 നമ്പർ കത്തുകൾ.

ഉത്തരവ്

കോർപ്പറേഷൻ സെക്രട്ടറിയായി 31.01.2007-ൽ സർവ്വീസിൽ നിന്നും വിരമിച്ച് 04.06.2015-ൽ മരണപ്പെട്ട സുദർശനൻ എസ്-ന്റെ ആർജ്ജിതാവധി ടെർമിനൽ സറണ്ടർ ചെയ്യുന്നതിനായി ടിയാന്റെ ഭാര്യ ശ്രീമതി.എം.പി. ലീന പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചു.

2. മരണപ്പെട്ട സുദർശനൻ കൊച്ചി നഗരസഭാ സെക്രട്ടറിയായിരുന്ന കാലയളവിൽ അദ്ദേഹത്തിന്റെ ബാദ്ധ്യതയായി 74,377/- രൂപയും, കൊല്ലം നഗരസഭാ സെക്രട്ടറിയായിരുന്ന കാലയളവിൽ ബാദ്ധ്യതയായി 82,954/- രൂപയും ഉള്ളതായി നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31.01.2007 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച കോർപ്പറേഷൻ സെക്രട്ടറിയായിരുന്ന 04.06.2015-ൽ മരണപ്പെട്ട സുദർശനന് അർഹതപ്പെട്ട

ടെർമിനൽ സറണ്ടറിൽ നിന്നും ബാദ്ധ്യത തുകയായ 1,57,331/- രൂപ (74,377+82,954) ഈടാക്കി ബാക്കി തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

അഡീഷണൽ സെക്രട്ടറി

**പകർപ്പ്**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ [(എ&ഇ)/(ആഡിറ്റ്)] തൃശ്ശൂർ (അപേക്ഷ സഹിതം)

ശ്രീമതി.എം.പി. ലീന (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനവകുപ്പ്

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ